## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 76** **28 - 10-2019-ൽ മറുപടിക്ക്.**

## അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് ഘടന

ചോദ്യം
ശ്രീ.വി.കെ.സി. മമ്മത് കോയ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ സേവനങ്ങൾ പലതും ഓൺലൈൻ ആയി ലഭ്യമാകുന്ന സാഹചര്യത്തിൽ കൂടുതൽ ആളുകൾ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങളിലെ സേവനത്തിനുള്ള ഫീസ് ഏകീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ 09/05/2018 തീയതിയിലെ സ.ഉ. (അച്ചടി)നം.3/2018/വിസവ ഉത്തരവ് പ്രകാരം ഏകീകരിച്ചിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് ഘടന പരസ്യമായി പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | (സി) | അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ |

| | | | |
|---|---|---|---|
| | | | ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ